(ബി) ഇതുകൊണ്ട് ജലസംഭരണിയുടെ ശേഷി കുറഞ്ഞിട്ടുണ്ടോ;

(സി) ഈ മണ്ണാലിപ്പ് തടയുന്നതിന് വേണ്ടി എന്തു നടപടി സ്വീകരിച്ചു;

(ഡി) ഈ ക്യാച്ച്മെൻറ് ഏരിയായിൽ മരംവച്ചു പിടിപ്പിക്കാൻ സർക്കാർ പദ്ധതിയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുവേണ്ടി എത്ര രൂപ ചെലവായി;

(എഫ്) ഡാമിൽ നിന്നുറയുന്ന ഈ മണ്ണ് വേനൽക്കാലത്ത് ഡാം വരളുമ്പോൾ നീക്കം ചെയ്തു സംഭരണശേഷി വർദ്ധിപ്പിക്കാൻ ഗവൺമെൻറിനുദ്ദേശമുണ്ടോ?

ഉത്തരം

(എ) മഴക്കാലത്ത് വന്നടിയുന്ന മണ്ണിൻറെ അളവ് തിട്ടപ്പെടുത്താൻ വിശദമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഉണ്ട്. എന്നാൽ ഉപയോഗപ്രദമായ സംഭരണിയുടെ ശേഷി കുറഞ്ഞിട്ടില്ല.

(സി) മണ്ണാലിപ്പു തടയുന്നതിനു വേണ്ടി ജലസംഭരണിക്കു ചുറ്റും അഞ്ചുമീറ്റർ വീതിയിലെങ്കിലും മുളയോ അതുപോലുള്ള വൃക്ഷങ്ങളോ വച്ചുപിടിപ്പിക്കണമെന്നു വനംവകുപ്പിനോടു ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി ഭാഗത്ത് മനുഷ്യവാസവും കൃഷിയും ഒഴിവാക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

(ഡി) ക്യാച്ച്മെൻറ് ഏരിയായിലെ മരങ്ങൾ ഇല്ലാത്ത ഭാഗത്തു മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കാൻ വനംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിക്കുന്നു.

(എഫ്) ഇല്ല.

ജല പാഴ്ജല അതോറിറ്റിക്ക് ലഭിച്ച ലോക ബാങ്ക് സഹായം

1184 [2149] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, എ. കെ. പത്മനാഭൻ:
,, വി. കേശവൻ:
,, ടി. കെ. ഹംസ:
,, പി. സി. തോമസ് (കടുത്തുരുത്തി): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല–പാഴ്ജല അതോറിറ്റി രൂപീകരണത്തിനുശേഷം ലോക ബാങ്കിൽനിന്ന് ശുദ്ധജല വിതരണ പദ്ധതികൾക്കായി എന്തു സഹായം ലഭിച്ചിട്ടുണ്ട്;

(ബി) കടമെടുത്തിട്ടുള്ളതിൻറെ കാലാവധി എന്നുവരെക്കാണ്;

(സി) പലിശനിരക്ക് എത്രയാണ്;

(ഡി) ബാങ്ക് വായ്പയുടെ തവണകൾ ഏതെങ്കിലും തിരിച്ചടച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജല പാഴ്ജല അതോറിറ്റി രൂപീകരണത്തിനുശേഷം ലോക ബാങ്കിൽനിന്ന് ശുദ്ധജല വിതരണ പദ്ധതികൾക്കായി ധനസഹായം ലഭിച്ചു തുടങ്ങിയിട്ടില്ല. ഉദ്ദേശം 97 കോടി രൂപയുടെ പദ്ധതികൾക്ക് ലോക ബാങ്കിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. ഈ പദ്ധതികൾക്കായി 41 ദശലക്ഷം യു. എസ്. ഡോളർ വായ്പയായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളൂ. ചെലവുകൾ വന്നു തുടങ്ങിയതിനുശേഷമേ ലോക ബാങ്കിൽ നിന്നും പണം ലഭിച്ചു തുടങ്ങുകയുള്ളൂ.

(ബി) ലോകബാങ്കിന്റെ ഇപ്പോഴത്തെ പ്രോജക്റ്റിനു ലഭിക്കുന്ന വായ്പ 1996-ൽ തുടങ്ങി 2035-ാമാണ്ട് കൊണ്ട് അടച്ചു തീർക്കേണ്ടതാണ്.

(സി) 1996 ജനുവരി മുതൽ 2005 ജൂലൈ വരെ ½% പലിശ നിരക്കിലും അതിനു ശേഷം 1½% പലിശ നിരക്കിലും വായ്പ മടക്കി അടച്ചു തീർക്കേണ്ടതാണ്.

(ഡി) ബി യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഇറിഗേഷൻ ഡിസൈൻ ആൻറ് റിസേർച്ച് ബോർഡ്

1185 [2150] ശ്രീ. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പിന്റെ കീഴിൽ ഇറിഗേഷൻ ഡിസൈൻ ആൻറ് റിസേർച്ച് ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ലക്ഷ്യമെന്താണ്;

(സി) ഇതിന്റെ പ്രവർത്തനരീതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോസ്റ്റൽ ഇറോഷൻ സ്റ്റഡീസ് സർക്കിൾ, വാട്ടർ റിസോഴ്സസ് സർക്കിൾ, സെൻട്രൽ ഡിസൈൻ ഓർഗനൈസേഷൻ എന്നിവയെ പുനഃസംഘടിപ്പിച്ചു ഏകീകൃതമായ ഒരു സ്വതന്ത്ര സ്ഥാപനത്തിന്റെ കീഴിൽ കൊണ്ടുവന്നു ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവും ആക്കുകയെന്നുള്ളതാണ് പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഇറിഗേഷൻ ഡിസൈൻ ആൻറ് റിസേർച്ച് ബോർഡിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly